കവർസ്റ്റോറി

ഡോ. അബ്ദുസ്സലാം വാണിയമ്പലം

# യൂറോപ്പിൽ ഇങ്ങനെയാകുന്നു ഇസ്‌ലാം




യൂറോപ്യൻ സമൂഹത്തെ പൊതുവെയും യൂറോപ്പിലെ ഇസ്‌ലാമിനെയും മുസ്‌ലിം ന്യൂനപക്ഷത്തെയും വിശേഷിച്ചും അടുത്തറിയുക എന്ന ചിരകാലാഭിലാഷമാണ്, 2009 സെപ്റ്റംബർ 30 - ഒക്ടോബർ 1 തീയതികളിൽ സ്വിറ്റ്സർലന്റിലെ ജനീവയിൽ മുസ്‌ലിം വേൾഡ് ലീഗ് വിളിച്ചു ചേർത്ത ഡയലോഗ് സമ്മേളനത്തിലേക്ക് ക്ഷണിക്കപ്പെട്ടതോടെ സഫലമായത്.

യൂറോപ്പിൽ മുസ്‌ലിംകൾ ന്യൂനപക്ഷമാണ്. ഫ്രാൻസിൽ 10% വും ജർമനിയിൽ 4.3% വും സ്പെയിനിൽ 4% വും ഇറ്റലിയിൽ 2% വും ബ്രിട്ടനിൽ 3% വുമാണ് അവരുടെ ജനസംഖ്യ. ഈ മുസ്‌ലിം ന്യൂനപക്ഷം ബഹുസ്വര സമൂഹത്തിൽ ഇതര സമൂഹങ്ങളുമായി എങ്ങനെ സഹവർത്തിക്കുന്നു, എങ്ങനെ സഹവർത്തിക്കപ്പെടുന്നു, ബോസ്നിയൻ ഹോളോകാസ്റ്റ്, പ്രവാചകനെതിരെ കാർട്ടൂൺ, പർദ നിരോധം തുടങ്ങിയ അടയാളങ്ങളിലൂടെ പ്രചരിപ്പിക്കപ്പെട്ട ഇസ്‌ലാമോഫോബിയയുടെ യാഥാർഥ്യമെന്ത്, യൂറോപ്യൻ മുസ്‌ലിം

ന്യൂനപക്ഷത്തിൽ നിന്ന് ഇന്ത്യൻ ന്യൂനപക്ഷത്തിനു പഠിക്കാനെന്തുണ്ട് തുടങ്ങിയ ചോദ്യങ്ങളാണ് യൂറോപ്യൻ സന്ദർശനത്തെ ഒരു അഭിലാഷമാക്കി നിർത്തിയിരുന്നത്.

മുംബൈയിൽ നിന്ന് സ്വിറ്റ്സർലന്റിലെ സൂറിച്ച് (Zurich) എയർപോർട്ടിലേക്കുള്ള 9 മണിക്കൂർ യാത്രയിലും സൂറിച്ചിൽ നിന്ന് ജനീവയിലേക്കുള്ള ഒരു മണിക്കൂർ യാത്രയിലും മടക്ക യാത്രയിലും, ഫ്ളൈറ്റിലും എയർപോർട്ടിലും ലഭ്യമായ ഇംഗ്ലീഷ് പത്രങ്ങൾ ശ്രദ്ധിച്ചു. *ദ വാൾസ്ട്രീറ്റ് ജേർണലി*ന്റെയും *ഹെറാൾഡ് ട്രിബ്യൂണി*ന്റെയുമൊക്കെ യൂറോപ്യൻ പതിപ്പുകളിൽ ഇസ്‌ലാമും മുസ്‌ലിംകളുമൊക്കെ നിറഞ്ഞുനിൽക്കുന്നു. യൂറോപ്യൻ സമൂഹം ഇസ്‌ലാമിനെ പേടിച്ചില്ലെങ്കിലേ അത്ഭുതമുള്ളൂ എന്നു തോന്നി അവ വായിച്ചപ്പോൾ. ഇറാന്റെ അണ്വായുധങ്ങളാണ് മുഖ്യ വിഷയങ്ങളിലൊന്ന്. ഇറാൻ ലോകത്ത് മുഴുവൻ ബോംബിടാൻ പോകുന്നുവെന്ന പ്രതീതിയാണതുണ്ടാക്കുന്നത്. ഗസ്സയിലെ തകർന്നടിഞ്ഞ വീടിന് ഹെറാൾഡ് ട്രിബ്യൂണിന്റെ അടിക്കുറിപ്പ്: 'ഇസ്രയേൽ-ഹമാസ് ഏറ്റുമുട്ടലിൽ തകർന്ന വീട്' (ഹമാസ് തകർത്ത വീട് എന്നെഴുതാത്ത നിഷ്പക്ഷതക്ക് നന്ദി പറയുക).

മറുവശങ്ങളും ഇല്ലാതില്ല മാധ്യമങ്ങളിൽ. The myth of Eurabia എന്ന തലക്കെട്ടിൽ Financial Timesൽ സൈമൺ കൂപർ എഴുതിയ ലേഖനത്തിൽ, 21 -ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഫ്രാൻസ് മുസ്‌ലിം രാഷ്ട്രമായിത്തീരുമെന്ന അതിശയോക്തികളെ കണക്കുകൾ സഹിതം ഖണ്ഡിക്കുന്നുണ്ട്. യൂറോപ്യൻ മുസ്‌ലിംകൾ, പ്രചരിപ്പിക്കപ്പെടുന്നതുപോലെ വേറിട്ടുനിൽക്കുകയല്ല, സമൂഹത്തിൽ ലയിച്ചുചേരുകയാണെന്ന് ഉദാഹരണങ്ങൾ സഹിതം സ്ഥാപിക്കുകയാണ് ലേഖകൻ. 20 ശതമാനം യൂറോപ്യൻ മുസ്‌ലിംകൾ ഇസ്‌ലാമിനെ ജീവിതത്തിൽ ആചരിക്കാത്തവരാണെന്നും 70% മാത്രമാണ് റമദാനിൽ നോമ്പനുഷ്ഠിക്കുന്നതെന്നും പറഞ്ഞ് 'യൂറേബിയ' (Europe + Arabia) ഒരു മിത്താണെന്ന് സമർഥിക്കുന്നുണ്ട് സൈമൺ കൂപർ. യൂറോപ്പിൽ ഇസ്‌ലാമോഫോബിയ ശക്തമാണെന്നും അതേയവസരം അതിനെതിരെ മുസ്‌ലിംകളല്ലാത്ത യൂറോപ്യർ തന്നെ രംഗത്തുണ്ടെന്നും ലേഖനം തെളിയിക്കുന്നു.

അമേരിക്കൻ പ്രസിഡന്റ് ഒബാമ തന്റെ മത-സംവാദ വിഷയങ്ങളിൽ ഉപദേഷ്ടാവായി നിയമിച്ച മുസ്‌ലിം വനിത ഡോ. ഡാലിയ മുജാഹിദ നേതൃത്വം നൽകുന്ന കോഎക്സിസ്റ്റൻസ് സെന്റർ ഈയടുത്ത് യൂറോപ്യൻ രാഷ്ട്രങ്ങളിൽ നടത്തിയ അഭിപ്രായ സർവെയിൽ മുസ്‌ലിംകളെക്കുറിച്ച് ശ്രദ്ധേയമായ ചില വിവരങ്ങൾ പുറത്തുവരികയുണ്ടായി. മുസ്‌ലിംകൾക്ക് തങ്ങളുടെ രാജ്യത്തോടുള്ള പ്രതിബദ്ധതയാണ് അവയിൽ മുഖ്യം. ഫ്രാൻസിൽ 80% വും ജർമനിയിൽ 71% വും ബ്രിട്ടനിൽ 82% വും മുസ്‌ലിംകൾ തങ്ങളുടെ രാജ്യത്തോട് അങ്ങേയറ്റം പ്രതിബദ്ധത പുലർത്തുന്നവരാണ്. ബ്രിട്ടനിൽ 84% മുസ്‌ലിംകളും ദേശീയോൽസവങ്ങൾ ആഘോഷിക്കുന്നവരാണ്. അതേയവസരം ദീൻ അവരുടെ ജീവിതത്തിന്റെ മുഖ്യ ഭാഗമാണ്. ഫ്രാൻസിൽ 69% വും ജർമനിയിൽ 82% വും ബ്രിട്ടനിൽ 70% വും മതപ്രതിബദ്ധതയുള്ളവരത്രെ. "മുസ്‌ലിംകളുടെ കാഴ്ചപ്പാടുകളെയും സ്വഭാവങ്ങളെയും പറ്റി പ്രചരിപ്പിക്കുന്ന കെട്ടുകഥകളെയും കളവുകളെയും തകർത്തുകളയുന്ന യാഥാർഥ്യങ്ങളാണ് റിപ്പോർട്ടിലൂടെ പുറത്തുവന്നിരിക്കുന്നത്" - ഡോ. ഡാലിയ വ്യക്തമാക്കി.

## ഡോ. അഹ്മദ് റാവിയുടെ കൂടെ

സമ്മേളനത്തിനിടെ യൂറോപ്യൻ ഇസ്‌ലാമിനെയും മുസ്‌ലിംകളെയും അടുത്തറിയാനുള്ള മാർഗമന്വേഷിക്കുമ്പോഴാണ് ഡോക്ടർ അഹ്മദ് റാവിയെ കണ്ടുമുട്ടുന്നത്. നേരത്തെ പരിചയപ്പെട്ടിരുന്ന, സ്വിറ്റ്സർലന്റ് മുസ്‌ലിം യൂനിയന്റെ പ്രസിഡന്റ്

ആദിൽ മാജിരിയാണ് ഡോ. റാവിയെ പറഞ്ഞുതന്നത്. യൂറോപ്പിലെ 29 രാജ്യങ്ങളിൽ ഇസ്‌ലാമിസ്റ്റുകളുടെ സംഘടനകളുണ്ട്. അവയുടെ കോ-ഓർഡിനേഷൻ വേദിയായ Federation of Islamic Organisations of Europe (FIOE) ന്റെ പ്രസിഡന്റായിരുന്നു ഈയടുത്ത കാലംവരെയും അദ്ദേഹം. ഇപ്പോഴാവട്ടെ, ബ്രിട്ടനിലെ ഇസ്‌ലാമിസ്റ്റുകളുടെ കേന്ദ്രമായ മുസ്‌ലിം അസോസിയേഷൻ ഓഫ് ബ്രിട്ടന്റെ പ്രസിഡന്റുമാണ്. അതുകൊണ്ട്, മൊത്തം യൂറോപിലെ ഇസ്‌ലാമിനെ സംബന്ധിച്ച് അദ്ദേഹത്തിനു നല്ല ധാരണയുണ്ട്.




പള്ളിമിനാരങ്ങൾക്കെതിരെ
സ്വിറ്റ്സർലന്റിൽ നടക്കുന്ന കാമ്പയിൻ

നാൽപതുകളിലെയും അൻപതുകളിലെയും അവസ്ഥയുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ന് യൂറോപ്പിൽ ഇസ്‌ലാമിന്ന് എത്രയോ പുരോഗതിയുണ്ടെന്ന് അദ്ദേഹം പറഞ്ഞു. അക്കാലത്ത് ഇവിടങ്ങളിലുണ്ടായിരുന്നത് ഒറ്റപ്പെട്ട മുസ്‌ലിംകൾ. അവർക്ക് നമസ്കരിക്കാൻ പള്ളികളുണ്ടായിരുന്നില്ല. മരിച്ചാൽ ഒന്നുകിൽ മൃതദേഹം കത്തിക്കപ്പെടും അല്ലെങ്കിൽ ക്രിസ്ത്യൻ സെമിത്തേരികളിൽ അടക്കപ്പെടും. ഇന്ന് നോക്കൂ, യൂറോപ്പിൽ നിങ്ങൾ എവിടെപ്പോയാലും അവിടെയൊക്കെ മുസ്‌ലിംകളുണ്ടാവും. യൂറോപ്യൻ യൂണിയൻ രാഷ്ട്രങ്ങളിൽ മാത്രം 18.5 മില്യൻ മുസ്‌ലിംകളുണ്ട്. പരിമിതമെങ്കിലും നമസ്കരിക്കാൻ അവർക്ക് ഇസ്‌ലാമിക് സെന്ററുകളുണ്ട്. സ്വന്തമായി വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. ചിലയിടങ്ങളിലെങ്കിലും രാഷ്ട്രീയത്തിൽ പരിമിതമെങ്കിലും സ്വാധീനമുണ്ട്. തദ്ദേശീയരിൽ ഇസ്‌ലാം സ്വീകരിക്കുന്നവരുടെ എണ്ണം ദിനേന വർധിച്ചു വരികയാണ്. കുടിയേറിപ്പാർത്തവരാണ് മുസ്‌ലികളിൽ ഭൂരിപക്ഷമെങ്കിലും തദ്ദേശീയരുമായി അവർ വിവാഹ ബന്ധത്തിലേർപ്പെടുന്നത് പൊതുസമൂഹത്തിന്റെ ഭാഗമായിത്തീരുന്നതിന് സഹായകമാകുന്നു.

എന്നാൽ, യൂറോപ്പിലെ മുസ്‌ലിം ജനസംഖ്യയിൽ വൻ വർധനയുണ്ടാകുമെന്നും 2050നു ശേഷം മുസ്‌ലിംകൾ ഭൂരിപക്ഷമാകുമെന്നുമുള്ള പ്രചാരണത്തെക്കുറിച്ച് ചോദിച്ചപ്പോൾ ഡോ. അഹ്മദ് റാവി നിഷേധാർഥത്തിലാണ് മറുപടി പറഞ്ഞത്. "അതിശയോക്തിപരമാണത്. ഇസ്‌ലാമോഫോബിയയുടെ വക്താക്കൾക്ക് അങ്ങനെ പ്രചരിച്ചു കിട്ടേണ്ടതൊരാവശ്യമായിരിക്കും. പക്ഷേ, യാഥാർഥ്യവുമായി അതിനു ബന്ധമില്ല". യൂറോപ്പിൽ ഇസ്‌ലാമിന്ന് അനുകൂലമായി നേരത്തെ പറഞ്ഞതുപോലുള്ള കുറെ ഘടകങ്ങളുണ്ടെങ്കിലും മറുവശത്ത് ഇസ്‌ലാമോഫോബിയ വർധിച്ചുവരുന്നതു കാണാതിരുന്നുകൂടെന്നും അദ്ദേഹം പറഞ്ഞു.

"മാറിനിൽക്കുന്നതിനു പകരം സമൂഹത്തിൽ ഉൾച്ചേർന്ന് ലയിച്ചു ചേരുന്ന നയസമീപനമാണല്ലോ ഇന്ന് പാശ്ചാത്യ രാഷ്ട്രങ്ങളിൽ ഇസ്‌ലാമിസ്റ്റുകൾ ഉയർത്തിപ്പിടിക്കുന്നത്. ഫെഡറേഷൻ ഓഫ് ഇസ്‌ലാമിക് ഓർഗനൈസേഷൻസ് ഓഫ് യൂറോപിന്റെ (FIOE) നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട, ശൈഖ് യൂസുഫുൽ ഖറദാവി അധ്യക്ഷനും ശൈഖ് ഫൈസൽ മൗലവി ഉപാധ്യക്ഷനുമായി പ്രവർത്തിക്കുന്ന യൂറോപ്യൻ ഫത്‌വ കൗൺസിൽ ഈ നിലപാടിനു പിൻബലം നൽകുന്ന ഒട്ടേറെ ഫത്‌വകൾ

പുറപ്പെടുവിച്ചിട്ടുമുണ്ട്. 'ഹാകിമിയ്യ' ത്തിൽ നിന്നും ഇസ്‌ലാമിക രാഷ്ട്രീയത്തിൽ നിന്നുമുള്ള ഈ മുന്നോട്ടു പോക്കിനെ എങ്ങനെയാണ് താങ്കൾ വിശദീകരിക്കുന്നത്?"

"ശരിയാണ്. ഇസ്‌ലാം അതിജയിക്കുകയേയുള്ളൂ, അതിജയിക്കപ്പെടുകയില്ല എന്ന മുദ്രാവാക്യമാണ് നാം ഉയർത്തിപ്പിടിക്കുന്നത്. പക്ഷേ, സാഹചര്യങ്ങൾ മാറിയത് കാണാതിരുന്നു കൂടാ. ഒരു രാഷ്ട്രത്തിന്റെയും സമൂഹത്തിന്റെയും ഭാഗമാണു നാം. അതിനെ അവഗണിച്ചുകൊണ്ട് നമുക്കു മുന്നോട്ടുപോകാനാകില്ല. അവകാശങ്ങളെപ്പറ്റി മാത്രം പറഞ്ഞതുകൊണ്ടായില്ല. നാം ജീവിക്കുന്ന രാജ്യത്തോടും സമൂഹത്തോടുമുള്ള ബാധ്യതകൾ നിർവഹിക്കേണ്ടതുണ്ട്. എന്നുവച്ച് സ്വന്തം വ്യക്തിത്വം പണയംവെക്കാൻ പാടുള്ളതുമല്ല. അതുകൊണ്ട്, 'ഞങ്ങളുടെ നാട് യൂറോപ്പും മതം ഇസ്‌ലാമുമാകുന്നു' (Our nation is Europe and our religion is Islam) എന്നതാണ് ഇപ്പോൾ ഞങ്ങളുടെ മുദ്രാവാക്യം. സമൂഹത്തിൽനിന്ന് മാറിനിൽക്കുന്നതിനു പകരം ലയിച്ചു ചേരുന്ന സമീപനം സ്വീകരിച്ചതുമൂലം യൂറോപ്യൻ മുസ്‌ലിംകളുടെ മുമ്പിൽ വമ്പിച്ച പ്രബോധന സാധ്യതകളാണ് തുറന്നുകിട്ടിയത്. ഡയലോഗ് സമ്മേളനങ്ങളിലൂടെ മാത്രമല്ല, സാമൂഹിക ജീവിതത്തിന്റെ വിവിധ മേഖലകളിലൂടെയും മുസ്‌ലിംകൾ ഇതര സമൂഹങ്ങളുമായി നിരന്തരം ഡയലോഗ് നടത്തിക്കൊണ്ടിരിക്കുകയാണ്. വേറിട്ടു നിന്ന് 50 ഇസ്‌ലാമിക് സെന്ററുകളുണ്ടാക്കുന്നതിനേക്കാൾ ഫലപ്രദമാണ് ഒരു മുസ്‌ലിം ഡോക്ടർ സമൂഹത്തിൽ ഇടപഴകി ജീവിക്കുന്നതും ഇസ്‌ലാമിനെ പ്രതിനിധീകരിച്ചു നിലകൊള്ളുന്നതും" - ഡോ. റാവി പറഞ്ഞു.

FIOE തയാറാക്കിയ യൂറോപ്യൻ മുസ്‌ലിംകൾക്കുള്ള ചാർട്ടറിൽ പറയുന്നു: "മുസ്‌ലിംകൾ തങ്ങളുടെ സമൂഹങ്ങളിൽ പോസിറ്റീവായി ഉൾച്ചേരേണ്ടതുണ്ട്. തങ്ങളുടെ മതപരമായ ഐഡന്റിറ്റി കാത്തുസൂക്ഷിച്ചും അതേയവസരം പൗരത്വത്തിന്റെ താൽപര്യങ്ങൾ സംരക്ഷിച്ചുമാകണം ആ ഉൾച്ചേരൽ.... ബഹുസ്വര സമൂഹത്തിൽ ജീവിക്കുന്ന യൂറോപ്യൻ മുസ്‌ലിംകൾ ആ ബഹുത്വത്തെ ആദരിക്കണം. ഇസ്‌ലാം ബഹുത്വത്തെയും വൈവിധ്യത്തെയും അംഗീകരിക്കുന്നുണ്ടെന്ന് വിശ്വസിക്കുന്നവരാണവർ. മതപരമായ കാര്യങ്ങളിൽ രാഷ്ട്രം നിഷ്പക്ഷത പാലിക്കുമെന്ന തത്ത്വത്തെ യൂറോപ്പിലെ മുസ്‌ലിംകൾ അംഗീകരിക്കുന്നു. അതുവഴി മതങ്ങളോട് നീതിപൂർവം വർത്തിക്കുകയും അതിന്റെ വക്താക്കൾക്ക് തങ്ങളുടെ ആദർശം പ്രഖ്യാപിക്കാനും മത ചടങ്ങുകൾ ആചരിക്കാനും സ്വാതന്ത്ര്യം നൽകുകയും ചെയ്യുന്നു. മാനുഷിക മൂല്യങ്ങൾകൊണ്ടും നാഗരികാനുഭവങ്ങൾകൊണ്ടും സമ്പന്നമാണ് ഇസ്‌ലാം എന്നതിനാൽ യൂറോപ്പിലെ ഇസ്‌ലാമിക സാന്നിധ്യത്തിലൂടെ സമൂഹത്തിന് സഹായകമായ നീതി, സ്വാതന്ത്ര്യം, സാഹോദര്യം, സമത്വം പോലുള്ള പൊതു മൂല്യങ്ങളുടെ ശാക്തീകരണം സാധിക്കുന്നതാണ്."

രാഷ്ട്രീയ പങ്കാളിത്തത്തെക്കുറിച്ച് ചാർട്ടർ പറയുന്നു: "ക്രിയാത്മക പൗരന്മാർ എന്ന നിലക്ക് യൂറോപ്പിലെ മുസ്‌ലിംകൾ രാഷ്ട്രീയ കാര്യങ്ങളിൽ ഇടപഴകേണ്ടതുണ്ട്. പൗരത്വത്തിന്റെ താൽപര്യമാണ് രാഷ്ട്രീയ പങ്കാളിത്തം. തെരഞ്ഞെടുപ്പുകളിൽ വോട്ടു ചെയ്യുക, രാഷ്ട്രീയ വേദികളുമായി സഹവർത്തിക്കുക എന്നിവ അതിൽ പെടുന്നു. യൂറോപ്പിലെ രാഷ്ട്രീയ വേദികൾ സമൂഹത്തിലെ എല്ലാ വ്യക്തികളെയും അവരുടെ കഴിവുകളെയും ചിന്തകളെയും ഉൾകൊള്ളാൻ സന്നദ്ധമാണെന്നത് മുസ്‌ലിംകളുടെ രാഷ്ട്രീയ പങ്കാളിത്തത്തെ സംബന്ധിച്ചേടത്തോളം പ്രോത്സാഹജനകമാണ്."

പ്രയോഗത്തിൽ മുസ്‌ലിം ന്യൂനപക്ഷത്തിന്റെ രാഷ്ട്രീയ പങ്കാളിത്തം എത്രത്തോളമുണ്ടെന്ന ചോദ്യത്തിനു മറുപടിയായി റാവി പറഞ്ഞു: "മുസ്‌ലിംകളെ അംഗ

**“ഞങ്ങളുടെ നാട് യൂറോപ്പും മതം ഇസ്‌ലാമുമാകുന്നു (Our nation is Europe and our religion is Islam) എന്നതാണ് ഇപ്പോൾ ഞങ്ങളുടെ മുദ്രാവാക്യം. സമൂഹത്തിൽനിന്ന് മാറിനിൽക്കുന്നതിനു പകരം ലയിച്ചു ചേരുന്ന സമീപനം സ്വീകരിച്ചതുമൂലം യൂറോപ്യൻ മുസ്‌ലിംകളുടെ മുമ്പിൽ വമ്പിച്ച പ്രബോധന സാധ്യതകളാണ് തുറന്നുകിട്ടിയത്. ഡയലോഗ് സമ്മേളനങ്ങളിലൂടെ മാത്രമല്ല, സാമൂഹിക ജീവിതത്തിന്റെ വിവിധ മേഖലകളിലൂടെയും മുസ്‌ലിംകൾ ഇതര സമൂഹങ്ങളുമായി നിരന്തരം ഡയലോഗ് നടത്തിക്കൊണ്ടിരിക്കുകയാണ്” – ഡോ. അഹ്മദ് റാവി**



ങ്ങളായി സ്വീകരിക്കുന്ന പാർട്ടികളിൽ അവർ ചേർന്ന് പ്രവർത്തിക്കുന്നുണ്ട്. ബ്രിട്ടനിലെ ലേബർ പാർട്ടിയിലും സ്വീഡനിലെയും ജർമനിയിലെയും ഗ്രീൻ പാർട്ടിയിലും മറ്റു ഇടതുപക്ഷ പാർട്ടികളിലും മുസ്‌ലിംകൾ സജീവമാണ്. ഇസ്‌ലാമിസ്റ്റുകളുമുണ്ട് അക്കൂട്ടത്തിൽ. മുൻസിപ്പൽ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുകയും വിജയിക്കുകയും ചെയ്യുന്ന മുസ്‌ലിം സ്ഥാനാർഥികളുമുണ്ട്. സ്വീഡനിലെ ലംയ അൽ ഉമരി എന്ന വനിത ഉദാഹരണം. മുസ്‌ലിം ന്യൂനപക്ഷം പ്രാന്തവൽക്കരിക്കപ്പെടാതിരിക്കാനും അവരുടെ അസ്തിത്വവും വ്യക്തിത്വവും സംരക്ഷിക്കപ്പെടാനും ഈ വിധത്തിലുള്ള രാഷ്ട്രീയ പങ്കാളിത്തം അനുവദിച്ചുകൊണ്ടുള്ള പണ്ഡിതന്മാരുടെ ഫത്‌വകളുടെ അടിസ്ഥാനത്തിലാണ് യൂറോപ്യൻ മുസ്‌ലിം ന്യൂനപക്ഷം രാഷ്ട്രീയ നിലപാടു സ്വീകരിച്ചിട്ടുള്ളത്. സ്വന്തമായി പാർട്ടിയുണ്ടാക്കാൻ സാഹചര്യമില്ലാത്തതിനാൽ അവരുടെ മുമ്പിൽ വേറെ പോംവഴികളില്ല. സ്വന്തമായി പാർട്ടിയുണ്ടാക്കാൻ ബ്രിട്ടനിൽ ശ്രമമുണ്ടായി. അതായിരുന്നു Respect പാർട്ടി. പക്ഷേ പാർട്ടി ബാനറിൽ മത്സരിച്ചവർക്ക് കുറഞ്ഞ വോട്ടുകളേ നേടാനായുള്ളൂ.”

യൂറോപ്പിലെ മറ്റു മുസ്‌ലിം ഗ്രൂപ്പുകളെപ്പറ്റി ചോദിച്ചപ്പോൾ ഡോക്ടർ അഹ്മദ് റാവി പറഞ്ഞു: “സലഫികളുണ്ട്, അവർക്ക് സമ്പത്തുണ്ട്, സ്വാധീനമില്ല. എന്നാൽ സൂഫികളുടെ സ്വാധീനം വർധിച്ചു വരികയാണ്. അവരുടെയകത്തേക്ക് കടക്കാൻ നമുക്ക് എത്രമാത്രം കഴിയുന്നുവോ അത്രയും ഇസ്‌ലാമിന്നു വിജയമുണ്ടായിരിക്കും.”

## സ്വിറ്റ്സർലന്റിലെ ഇസ്‌ലാം

1970 ൽ 17000 മുസ്‌ലിംകളുണ്ടായിരുന്ന സ്വിറ്റ്സർലന്റിൽ 1980ൽ 56000 വും, 1990 ൽ 152000 വുമായി വർധിച്ചു. ഇന്നിപ്പോൾ അവരുടെ അംഗസംഖ്യ ഏതാണ്ട് നാലു ലക്ഷത്തോളം വരും. മറ്റു യൂറോപ്യൻ രാജ്യങ്ങളെപ്പോലെത്തന്നെ തുർക്കിയിൽ നിന്നും ബോസ്നിയയിൽ നിന്നും  അൽബേനിയയിൽ നിന്നും അറബ് നാടുകളിൽ നിന്നുമാണ് അധിക മുസ്‌ലിംകളും സ്വിറ്റ്സർലന്റിൽ എത്തിയിട്ടുള്ളത്.

മനുഷ്യാവകാശത്തിന്റെയും തുറന്ന ജനാധിപത്യത്തിന്റെയും തലസ്ഥാനമാണ് സ്വിറ്റ്സർലന്റ്. ഞങ്ങൾ താമസിക്കുന്ന ഹോട്ടലിൽ, ഒരുവേള ഡ്രൈവറെ സംഘടിപ്പിച്ചുതരാൻ കഴിയാതെ വന്നപ്പോൾ സമ്മേളന സംഘാടകരിലൊരാൾ പറഞ്ഞു: “ഇതു

ജനീവയാണ്. 8 മണിക്കൂറിലധികം ഒരു നിമിഷം ഒരു ഡ്രൈവറെക്കൊണ്ടു ജോലി ചെയ്യിപ്പിച്ചതായറിഞ്ഞാൽ ആ നിമിഷം ഈ ഹോട്ടൽ അധികാരികൾ അടച്ചു പൂട്ടും." തുറന്ന ജനാധിപത്യത്തിന്റെ ഭാഗമായി അഭിപ്രായ വോട്ടെടുപ്പ് സാധാരണമാണ്. ഏതൊരാൾക്കും കക്ഷിക്കും ഒരു ലക്ഷം ഒപ്പു ശേഖരിച്ചാൽ ഏതൊരാവശ്യവും ഗവൺമെന്റിന്റെ മുമ്പിൽ സമർപ്പിക്കാം. അതോടെ ആ ആവശ്യത്തിൽ പൊതുജനങ്ങളുടെ അഭിപ്രായമാരായാനായി ഗവൺമെന്റ് അഭിപ്രായ വോട്ടെടുപ്പ് നടത്തും. ഭൂരിപക്ഷം പിന്തുണച്ചു കഴിഞ്ഞാൽ അതൊരു നിയമമായി മാറി.

ജനാധിപത്യവും സ്വാതന്ത്ര്യവും മനുഷ്യാവകാശവുമൊക്കെ വൻ പ്രാധാന്യത്തോടെ സംരക്ഷിക്കപ്പെടുന്ന സ്വിറ്റ്സർലന്റിൽ 'ഇസ്‌ലാമോഫോബിയ' താരതമ്യേന കുറവാണ് എന്നു പറയാം.

എങ്കിലും ഇസ്‌ലാമോഫോബിയയിൽ നിന്ന് തീർത്തും മുക്തമാണ് രാജ്യം എന്നു പറഞ്ഞുകൂടാ. പള്ളിമിനാരങ്ങൾക്കെതിരെ പടപ്പുറപ്പാട് നടന്നുകൊണ്ടിരിക്കുകയാണിപ്പോൾ അവിടെ. തീവ്ര വലതുകക്ഷിയായ യു.ഡി.സി ഒരു ലക്ഷം ഒപ്പുകൾ ശേഖരിച്ച് പള്ളിമിനാരങ്ങൾക്കെതിരെ ഹിതപരിശോധന നടത്താൻ പോവുകയാണ് അടുത്ത മാസം. ഹിതപരിശോധനയിൽ അവർക്ക് ഭൂരിപക്ഷം കിട്ടുകയില്ല എന്ന സമാധാനത്തിലാണ് മുസ്‌ലിംകൾ. ജനങ്ങളെ പ്രകോപിപ്പിക്കാതിരിക്കുക എന്ന ഉദ്ദേശ്യത്തോടെ, മിനാരത്തിനുവേണ്ടി കൂടുതൽ ബഹളം വെക്കേണ്ടതില്ലെന്ന നിലപാടാണ് മുസ്‌ലിംകൾ സ്വീകരിച്ചിട്ടുള്ളത്. മിനാരങ്ങൾ പൊളിച്ചു മാറ്റുന്നതിനോട് ഗവൺമെന്റ് യോജിക്കുന്നില്ലെന്നതും അവർക്കാശ്വാസം നൽകുന്നു. നാല് പള്ളികൾക്കു മാത്രമാണ് ഇപ്പോൾ മിനാരങ്ങളുള്ളത്. ഈയിടെ അഞ്ചാമതൊരു പള്ളിക്കുകൂടി മിനാരം പണിയാൻ ഗവൺമെന്റ് അനുമതി നൽകി.


വിരലിലെണ്ണാവുന്ന പള്ളികളേ സ്വിറ്റ്സർലന്റിലുള്ളൂ. പള്ളി, പാഠശാല, ലൈബ്രറി എന്നിവ ഉൾക്കൊള്ളുന്ന ഇസ്‌ലാമിക് സെന്ററുകളാണത്. ജനീവയിൽ പോലും ആകെ രണ്ട് ഇസ്‌ലാമിക് സെന്ററുകളേയുള്ളൂ- അറുപതുകളിൽ ഡോ. സഈദ് റമദാൻ സ്ഥാപിച്ച ഇസ്‌ലാമിക് സെന്ററും എഴുപതുകളിൽ സൗദി ഗവൺമെന്റ് സ്ഥാപിച്ച ഇസ്‌ലാമിക് സെന്ററും. സുഊദി ഇസ്‌ലാമിക് സെന്ററിനോടനുബന്ധിച്ച് ചെറിയൊരു ശ്മശാനവുമുണ്ട്. ആ മുൻസിപ്പാലിറ്റി പരിധിയിലുള്ളവർക്കു മാത്രമേ അതുപയോഗിക്കാവൂ. അല്ലാത്തവർക്ക് പൊതുശ്മശാനം മാത്രം. മതേതര ഗവൺമെന്റ് മതാടിസ്ഥാനത്തിൽ ശ്മശാനങ്ങളനുവദിക്കുകയില്ലെന്നതാണ് കാരണം.

ഇസ്‌ലാമിക വേഷവിധാനം ധരിച്ച സ്ത്രീകളെ ധാരാളമായി കാണാം. കുറച്ചു മുമ്പു നടന്ന അഭിപ്രായ വോട്ടെടുപ്പിൽ 76% സ്വീഡൻകാരും ഇസ്‌ലാമിനെ ഒരു ഭീഷണിയായി കാണുന്നില്ലെന്നും 53% പേർ സ്ത്രീകൾ തൊഴിൽ സ്ഥലത്ത് പർദ ധരിക്കുന്നതിനെ എതിർക്കുന്നില്ലെന്നും വെളിപ്പെട്ടു. 80% മുസ്‌ലിംകളും മറ്റുള്ളവർ തങ്ങളോട് മാന്യമായി പെരുമാറുന്നുവെന്നാണ് അഭിപ്രായപ്പെട്ടത്.

സ്വിസ് ജനതയുടെ മാന്യതയും പെരുമാറ്റത്തിൽ പുലർത്തുന്ന ഉയർന്ന സ്വഭാവവും ആർക്കും ബോധ്യപ്പെടും. മദ്യമുണ്ടാക്കാനായി മുന്തിരിത്തോപ്പുകൾ വളർത്തുന്നത് രാജ്യത്തുടനീളം കാണാം. ചായക്കടകൾ പോലെ മദ്യഷാപ്പുകൾ സുലഭം. എന്നാൽ മനുഷ്യരുടെ പെരുമാറ്റം അതീവ സുന്ദരം. ഇസ്‌ലാം കൊണ്ടുവന്നിട്ടുള്ള ഉയർന്ന പെരുമാറ്റ മര്യാദകൾ യൂറോപ്യർക്കാണോ മുസ്‌ലിംകളെക്കാൾ ലഭിച്ചത് എന്ന് സംശയിച്ചുപോകുന്നത്രയും ഉന്നതമാണത്.

യൂറോപ്പിൽ മൊത്തം അവസ്ഥയിൽ നിന്ന് ഏറെയൊന്നും ഭിന്നമല്ല ജർമനിയിലെ ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും അവസ്ഥയെന്ന് സെൻട്രൽ കൗൺസിൽ

**തീവ്ര വലതുകക്ഷിയായ യു.ഡി.സി ഒരു ലക്ഷം ഒപ്പുകൾ ശേഖരിച്ച് പള്ളിമിനാരങ്ങൾക്കെതിരെ ഹിതപരിശോധന നടത്താൻ പോവുകയാണ് അടുത്ത മാസം. ഹിതപരിശോധനയിൽ അവർക്ക് ഭൂരിപക്ഷം കിട്ടുകയില്ല എന്ന സമാധാനത്തിലാണ് മുസ്‌ലിംകൾ. ജനങ്ങളെ പ്രകോപിപ്പിക്കാതിരിക്കുക എന്ന ഉദ്ദേശ്യത്തോടെ, മിനാരത്തിനുവേണ്ടി കൂടുതൽ ബഹളം വെക്കേണ്ടതില്ലെന്ന നിലപാടാണ് മുസ്‌ലിംകൾ സ്വീകരിച്ചിട്ടുള്ളത്.**


ഡോ. ഡാലിയ മുജാഹിദ

ഓഫ് മുസ്‌ലിംസ് ഇൻ ജർമനിയുടെ പ്രസിഡന്റ് ഡോ. നദീം ഇൽയാസുമായി സംസാരിച്ചപ്പോൾ ബോധ്യമായി. ജർമൻ പാർലമെന്റിൽ തൊണ്ണൂറിൽ പരം മുസ്‌ലിം അംഗങ്ങളുണ്ടെന്നും എന്നാൽ അവർ മിക്കവരും മതപ്രതിബദ്ധതയുള്ളവരല്ലെന്നും അദ്ദേഹം പറഞ്ഞു. ഗ്രീൻ പാർട്ടി പോലുള്ള ചില സംഘടനകൾ മാത്രമേ മുസ്‌ലിംകളെ അംഗങ്ങളായി ചേർക്കുന്നുള്ളൂ. മുമ്പത്തേതിൽ നിന്നു ഭിന്നമായി മതപ്രതിബദ്ധതയുള്ള മുസ്‌ലിംകളും ഇപ്പോൾ രാഷ്ട്രീയ പ്രവർത്തനത്തിൽ ശ്രദ്ധിക്കുകയും തെരഞ്ഞെടുപ്പുകളിൽ സ്വാധീനം ചെലുത്താൻ ശ്രമിക്കുകയും ചെയ്യുന്നുണ്ടെന്ന് ഡോ. നദീം പറഞ്ഞു.

ജനീവയിൽ നിന്ന് എഴുപതോളം കിലോമീറ്റർ ദൂരെയുള്ള ലുസാനിലെ ഇസ്‌ലാമിക് കൾച്ചറൽ സെന്റർ സന്ദർശിച്ചു. ജനീവയിലെ ഇസ്‌ലാമിക് സെന്ററിൽ നിന്നു ഭിന്നമായി അതാവശ്യം വിശാലമാണത്. പള്ളി, മദ്റസ, നഴ്സറി, കോൺഫറൻസ് ഹാൾ, ലൈബ്രറി എന്നിവയുൾകൊള്ളുന്നതാണ് സെന്റർ. ഇരുനൂറിൽപരം കുട്ടികൾ പഠിക്കുന്നുണ്ട് മദ്റസയിൽ. പള്ളിയിൽ ആയിരത്തിലധികം പേർക്ക് നമസ്കരിക്കാം. ഇസ്‌ലാമിക വിദ്യാഭ്യാസത്തിനും അറബി ഭാഷാ പഠനത്തിനും സെന്റർ സൗകര്യമൊരുക്കിയിട്ടുണ്ട്. ഇരുപതിനായിരത്തിലധികം മുസ്‌ലിംകളാണ് ലുസാനിലുള്ളത്.

അന്യമതസ്ഥർക്ക് പള്ളി സന്ദർശിക്കാനവസരമൊരുക്കുക എന്നതും യൂറോപ്യൻ മുസ്‌ലിംകളുടെ പുതുമയാർന്ന പ്രബോധന പ്രവർത്തനത്തിന്റെ ഭാഗമാണ്. ഈ പ്രവർത്തനം ലുസാൻ ഇസ്‌ലാമിക് സെന്ററും നടത്താറുണ്ട്. മറ്റുള്ളവർക്ക് പള്ളിയിലെ ആരാധനാ ചടങ്ങുകൾ കാണാനും പള്ളിയുടെ സംവിധാനങ്ങൾ അടുത്തറിയാനും അവസരമൊരുക്കുന്നത് സമൂഹങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ സുദൃഢമാകാൻ സഹായകമാകും എന്നതിനാലാണ്. ■

(അടുത്തലക്കത്തിൽ അവസാനിക്കും)

drsalam@aljamia.net